REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-07-2024 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട്ടിലെ ഉരുൾപൊട്ടലിൽ മരണസംഖ്യ 165 ആയി. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യത. രണ്ടാം ദിവസത്തെ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു.
- വയനാട്ടിലേത് വൻ ദുരന്തമാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.
- ഉരുൾപൊട്ടൽ മേഖലയിൽ ബെയ്‌ലി പാലം നിർമ്മിക്കാൻ ഉപകരണങ്ങളുമായി സൈനിക വിമാനം കണ്ണൂരിലെത്തി. അൽപസമയത്തിനകം സംഘം വയനാട്ടിലെത്തും.
- കാസർകോട് മുതൽ മലപ്പുറം വരെ അഞ്ച് ജില്ലകളിൽ അതിതീവ്ര മഴ സാധ്യത മുൻ നിർത്തി ഓറഞ്ച് ജാഗ്രത.
- 49 തദ്ദേശ - ഭരണ വാർഡുകളിലെ ഉപതെരഞ്ഞെടുപ്പുകളിൽ LDF -ന് മുന്നേറ്റം.

## വാർത്തകൾ വിശദമായി

വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ മേഖലയിൽ നിന്ന് 30 മൃതദേഹങ്ങൾ ഇന്നത്തെ തെരച്ചിലിൽ കണ്ടെടുത്തു. ഇതോടെ വയനാട് ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 165 ആയി. 126 മരണങ്ങൾ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇതിൽ 75 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു.

ചാലിയാറിൽ കണ്ടെത്തിയ 37 മൃതദേഹങ്ങൾ മേപ്പാടി ഗവൺമെന്റ് ആശുപത്രിയിലേക്ക് എത്തിക്കും.

വയനാട് പ്രതിനിധി അരുൺ വിൻസെന്റിന്റെ റിപ്പോർട്ട്

............വോയ്സ്.............

അട്ടമലയിലെ ട്രീ വാലി റിസോർട്ടിൽ കുടുങ്ങിയവരെ എല്ലാവരെയും രക്ഷപ്പെടുത്തി. നേരത്തെ റിസോർട്ടിൽ നിന്ന് രണ്ട് മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു. ഉരുൾപൊട്ടലുണ്ടായ സമയത്ത് സമീപ പ്രദേശങ്ങളിൽ നിന്ന് ഓടി രക്ഷപ്പെട്ടവരാണ് റിസോർട്ടിൽ ഉണ്ടായിരുന്നത്. ഇവരെ രാവിലെ പത്തരയോടെ റിസോർട്ടിൽ നിന്ന് പുറത്തേക്ക് കൊണ്ടുവന്നു. സമീപത്തെ വനറാണി എസ്റ്റേറ്റിൽ ജോലി ചെയ്യുന്നവരും റിസോർട്ടിൽ ഉണ്ടായിരുന്നു.

✪✪✪

വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും രക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. രക്ഷാപ്രവർത്തനത്തിന്റെ രണ്ടാം ദിവസം സൈന്യവും NDRF സേനാംഗങ്ങളും അഗ്നിശമന സേനയും പൊലീസും ചേർന്നാണ് തെരച്ചിലും രക്ഷാ പ്രവർത്തനവും നടത്തുന്നത്. നാല് സംഘങ്ങളായി തിരിഞ്ഞ് 150 രക്ഷാപ്രവർത്തകർ സജീവമായി രക്ഷാ-നടപടികളിൽ പങ്കാളികളായിരിക്കുകയാണ്.

800-ലേറെ പേരെ ഇതിനകം രക്ഷപ്പെടുത്തിയതായി റിപ്പോർട്ടുകൾ പറയുന്നു. മുണ്ടക്കൈയിൽ നിന്നു മാത്രം 500-ഓളം പേരെ സുരക്ഷിതമായി മാറ്റി. 200-ലേറെ പേരെ

ഇനിയും കാണാനുണ്ടെന്നാണ് വിവരം. എന്നാൽ 98 പേരെ കാണാനുണ്ടെന്നാണ് ഔദ്യോഗിക കണക്ക്.

ഏഴുമലയിൽ നിന്ന് 60 നാവിക സേനാംഗങ്ങളും തെരച്ചിലിൽ പങ്കെടുക്കാൻ എത്തിയിട്ടുണ്ട്. ഇതിനു പുറമെ നിരവധി സന്നദ്ധ സേനാ പ്രവർത്തകരും രംഗത്തുണ്ട്. കേരളാ പൊലീസിന്റെ ഡോഗ് സ്ക്വാഡും രക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ട്. നേരത്തെ സൈനിക ഹെലികോപ്റ്ററിൽ അവശ്യ സാധനങ്ങൾ മുണ്ടക്കൈയിലെത്തിച്ചു.

✪✪✪

ദുരന്തത്തിൽ നിന്ന് രക്ഷപെടുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ ചൂരൽമലയിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് ഓക്സിജൻ ആംബുലൻസ് ഉൾപ്പെടെ മെഡിക്കൽ പോയിന്റ് സൗകര്യമൊരുക്കാൻ ഇന്ന് രാവിലെ വയനാട് കലക്ടറേറ്റിൽ ചേർന്ന മന്ത്രിതല യോഗത്തിൽ തീരുമാനമായി. കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുതിർന്ന ഉദ്യോഗസ്ഥനെ നിയമിക്കും. കൂടാതെ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും നിയോഗിക്കാനും തീരുമാനമായി.

കോഴിക്കോട്, തലശ്ശേരി ഉൾപ്പെടെ നാല് സഹകരണ ആശുപത്രിയിൽ നിന്ന് ഡോക്ടർമാരുടെ സംഘം വരാൻ തയ്യാറാണെന്ന് മന്ത്രി V.N വാസവൻ അറിയിച്ചു.

കുടുങ്ങിക്കിടന്നവരെ രക്ഷപ്പെടുത്തി പാലത്തിലൂടെ കൊണ്ടുവരുന്ന പോയിന്റിൽ വെള്ളം വിതരണം ചെയ്യാൻ സജ്ജീകരണം ഏർപ്പെടുത്തുമെന്ന് മന്ത്രി K. രാജൻ അറിയിച്ചു.

ഇവിടെയും ആരോഗ്യ ടീമിനെ നിയോഗിക്കും. ചൂരൽമലയിൽ മണ്ണുമാന്തി എത്തി നിൽക്കുന്ന സ്ഥലം മുതൽ കൺട്രോൾ റൂം വരെ ആവശ്യത്തിന് ലൈറ്റ് എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ മന്ത്രിമാരായ P.A മുഹമ്മദ് റിയാസ്, A.K ശശീന്ദ്രൻ, V. അബ്ദുറഹ്മാൻ, കെ കൃഷ്ണൻകുട്ടി, G.R. അനിൽ, O.R കേളു, രക്ഷപ്രവർത്തനം ഏകോപിപ്പിക്കുന്ന പ്രത്യേക ഉദ്യോഗസ്ഥൻ സീരാം സാംബശിവറാവു, എഡിഎം K.ദേവകി എന്നിവർ പങ്കെടുത്തു.

✪✪✪

വയനാട്ടിലേത് വൻ ദുരന്തമാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കോഴിക്കോട്ട് പറഞ്ഞു. സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യുമെന്നും രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നതായും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു. രണ്ട് പ്രളയങ്ങളെ അതിജീവിച്ച മലയാളികൾ, മുഖ്യമന്ത്രി പറഞ്ഞതു പോലെ ഈ ദുരന്തത്തെയും അതിജീവിക്കുമെന്നും ഗവർണർ പറഞ്ഞു. വയനാട്ടിലേക്ക് യാത്ര തിരിക്കും മുമ്പ് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അൽപസമയത്തിനകം ഗവർണർ വയനാട്ടിലെത്തും.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിന് ബെയിലി പാലം നിർമ്മിക്കാൻ ഘടക ഭാഗങ്ങളും ഉപകരണങ്ങളുമായി വ്യോമസേനാ വിമാനം കണ്ണൂർ വിമാനത്താവളത്തിലെത്തി. ഡൽഹിയിൽ നിന്ന്

എത്തിച്ച സാമഗ്രികൾ കണ്ണൂർ DSC- യിലെ ക്യാപ്റ്റൻ പുരൻ സിങ് നഥാവതിന്റെ നേതൃത്വത്തിൽ വയനാട്ടിലെത്തിക്കും. 17 ട്രക്കുകളിലായാണ് പാലം നിർമ്മാണത്തിന്റെ സാമഗ്രികൾ വയനാട്ടിലേക്ക് കൊണ്ടുപോകുന്നത്.

✪✪✪

മുണ്ടക്കൈ ഭാഗത്തെ ബെയ്‌ലി പാലത്തിന്റെ നിർമാണം വൈകീട്ടോടെ പൂർത്തിയാക്കാനാകുമെന്ന് മന്ത്രി കെ. രാജൻ മാധ്യമങ്ങളോട് പറഞ്ഞു. പാലം നിർമാണം 4 – 5 മണിക്കുറുകൾക്കുള്ളിൽ പട്ടാളത്തിന് പൂർത്തിയാക്കാൻ സാധിക്കും. ഈ പാലം നിർമിച്ചാൽ മാത്രമേ മണ്ണുമാന്തി യന്ത്രങ്ങൾക്ക് ദുരന്ത മേഖലയിലേക്ക് പ്രവേശിക്കാൻ കഴിയൂവെന്ന് മന്ത്രി പറഞ്ഞു.

ദുരന്തത്തിന്റെ ആഘാതത്തിൽ നിന്ന് മാനസികമായി തകർന്ന് ക്യാംപുകളിൽ കഴിയുന്നവർക്ക് അടിയന്തരമായി കൗൺസിലിങ് നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

വയനാട്ടിലെ ദുരന്ത ബാധിത പ്രദേശങ്ങളിലേക്കു അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് കണ്ണൂർ ജില്ലാ ദുരന്ത ദിവാരണ അതോറിറ്റി നിർദേശിച്ചു. കളക്ടറേറ്റിലും ജില്ലാ പഞ്ചായത്തിലും ദുരിത ബാധിതർക്ക് വേണ്ടി അവശ്യ സാധനങ്ങൾ ശേഖരിക്കുന്നതിന് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

✪✪✪

മൈസൂരിലേക്ക് യാത്ര ചെയ്യുന്നവർ വയനാട് വഴി യാത്ര ഒഴിവാക്കണമെന്ന് കണ്ണൂർ ജില്ലാ ഭരണകൂടം നിർദേശിച്ചു. യാത്രക്കാർ ഇരിട്ടി- കൂട്ടുപുഴ റോഡ് വഴി പോകേണ്ടതാണ്.

✪✪✪

ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ 45 ദുരിതാശ്വാസ ക്യാപുകൾ തുറന്നു. 3069 ആളുകളെ ക്യാപുകളിലേക്ക് മാറ്റി താമസിപ്പിച്ചിട്ടുണ്ട്.

ദുരന്ത മേഖലയിൽ ജല വിഭവ വകുപ്പ് 20,000 ലിറ്റർ കുടിവെള്ളം എത്തിക്കും.

✪✪✪

പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് 50 അംഗ മെഡിക്കൽ സംഘം മരുന്നുകളുമായി വയനാട്ടിലേക്ക് യാത്ര തിരിച്ചു. സംഘം കൽപ്പറ്റയിൽ താൽക്കാലിക ആശുപത്രി തുറക്കും. നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരും സംഘത്തിൽ ഉണ്ടാകും. മന്ത്രി O.R. കേളുവിന്റെ നിർദേശാനുസരണമാണ് മെഡിക്കൽ സംഘം എത്തുന്നത്.

✪✪✪

ചൂരൽമല-മുണ്ടക്കൈ ദുരന്തത്തിൽപെട്ടവരെ സഹായിക്കാൻ ഗോവ ഗവർണർ P.S ശ്രീധരൻപിള്ള വയനാട്ടിലെത്തി. രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ഗോവ മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും ഗവർണറെ സന്നദ്ധത അറിയിച്ചിരുന്നു. ഡൽഹിയിൽ ഇന്ന് കേന്ദ്ര ആഭ്യന്തര, രാജ്യരക്ഷാ മന്ത്രിമാരുമായി നിശ്ചയിച്ച

ഗവർണറുടെ കൂടിക്കാഴ്ച റദ്ദാക്കിതായി രാജ്ഭവൻ അറിയിച്ചു.

✪✪✪

വയനാട്ടിലെ ദുരന്ത ബാധിത പ്രദേശത്തേക്ക് യാത്രക്കിടെ മന്ത്രി വീണാ ജോർജിന്റെ വാഹനം മലപ്പുറം മഞ്ചേരിയിൽ അപകടത്തിൽപ്പെട്ടു. മഞ്ചേരി അരീക്കോട് റോഡിൽ പുല്ലൂര് പള്ളിക്ക് മുന്നിൽ മന്ത്രിയുടെ വാഹനം എതിരെ വന്ന മോട്ടോർ ബൈക്കുകളിൽ ഇടിക്കുകയായിരുന്നു.

✪✪✪

വയനാട്ടിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആവശ്യമായ സാധനങ്ങൾ കോഴിക്കോട് കോർപറേഷൻ, ടാഗോർ ഹാളിൽ ശേഖരിച്ചു. കുപ്പി വെള്ളം, അവശ്യവസ്തുക്കൾ നൽകാൻ ആഗ്രഹിക്കുന്ന വ്യക്തികളും, സംഘടനകളും, സ്ഥാപനങ്ങളും ഈ ഉദ്യമത്തിൽ പങ്കാളികളാകണമെന്ന് മേയർ അഭ്യർത്ഥിച്ചു. ഉച്ചയ്ക്ക് ഒരു മണി വരെ കൗണ്ടർ പ്രവർത്തിക്കും.

✪✪✪

കേരളാ പത്രപ്രവർത്തക യൂണിയന്റെ കോഴിക്കോട്, തിരുവനന്തപുരം ജില്ലാ കമ്മറ്റികൾ വയനാട്ടിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവശ്യ സാധനങ്ങൾ ശേഖരിച്ചു തുടങ്ങി. പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ, കുപ്പിവെള്ളം, വസ്ത്രങ്ങൾ, സെറ്റർ, കമ്പിളി, ബെഡ്ഷീറ്റ്, സാനിറ്ററി നാപ്കിൻ, മരുന്നുകൾ എന്നിവയാണ് KUWJ ശേഖരിക്കുന്നത്.

✪✪✪

വയനാട്ടിലെ ദുരന്ത ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് അവശ്യ സാധനങ്ങളുമായി വാഹനം അൽപസമയത്തിനകം പുറപ്പെടും. ജില്ലാ കലക്ടർ അരുൺ K. വിജയനും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് P.P ദിവ്യയും ചേർന്ന് ജില്ലാ പഞ്ചായത്തിന്റെ മുമ്പിൽ ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

വടകര വിലങ്ങാട് മഞ്ഞക്കുന്ന് ഭാഗത്തുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ കാണാതായ മാത്യുവിനായി രാവിലെ തെരച്ചിൽ പുനഃരാരംഭിച്ചു. രക്ഷാപ്രവർത്തനത്തിനെത്തിയ മാത്യു, ഉരുൾപൊട്ടലിൽ പെടുകയായിരുന്നു. മലവെള്ളത്തിൽ 13 വീടുകളും കടകളും പൂർണമായും ഒലിച്ചുപോയി.

ഉരുൾപൊട്ടലിൽ മലയങ്ങാട് പാലം ഒലിച്ചു പോയതിനെ തുടർന്ന് 15 കുടുംബങ്ങൾ മലയോര ഭാഗത്ത് ഒറ്റപ്പെട്ടു കഴിയുകയാണ്. കുന്ന്യോർമല ഭാഗത്ത് ദേശീയപാതയ്ക്കു ഇരുവശവും മണ്ണിടിച്ചിൽ ഉണ്ടായതിനെ തുടർന്ന് പ്രദേശവാസികളെ മാറ്റിപ്പാർപ്പിച്ചു.

കക്കയം ഡാമിന്റെ രണ്ട് ഷട്ടറുകൾ ഒരു അടിയിലേക്ക് ഉയർത്തി.

✪✪✪

കോഴിക്കോട് ജില്ലയിലെ എല്ലാ പുഴകളിലും ജലനിരപ്പ് അപകടകരമാം വിധം ഉയരുകയാണെന്ന് ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ഓൺലൈനായി ചേർന്ന ദുരന്തനിവാരണ അതോറിറ്റിയുടെ അടിയന്തര യോഗം വിലയിരുത്തി. ഏത്

അടിയന്തര സാഹചര്യങ്ങളെയും നേരിടാൻ സജ്ജരായിരിക്കാൻ കലക്ടർ നിർദ്ദേശം നൽകി.

കോഴിക്കോട്, കക്കോടി, മാളിക്കടവ്, കണ്ണാടിക്കൽ, തണ്ണീർ പന്തൽ, വേങ്ങേരി എന്നിവിടങ്ങളിൽ വെള്ളം കയറി. വീടുകളിൽ നിന്ന് താമസക്കാരെ ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ ഒഴിപ്പിച്ചു തുടങ്ങി.

✪✪✪

തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വെള്ളക്കെട്ടും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 25 അംഗ NDRF സംഘം എത്തി.

വെള്ളക്കെട്ട് രൂക്ഷമായി ബാധിച്ച വടക്കാഞ്ചേരി കേന്ദ്രീകരിച്ചാണ് സംഘം പ്രവർത്തനം ഏകോപിപ്പിക്കുന്നത്. 50 അംഗ സിവിൽ ഡിഫൻസ് വൊളന്റീയേഴ്സിനെ തലപ്പിള്ളി, തൃശൂർ, ചാലക്കുടി എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് കാലവർഷക്കെടുതി രൂക്ഷമായ സാഹചര്യത്തിൽ ഈ മാസത്തെ റേഷൻ വിതരണം വെള്ളിയാഴ്ച വരെ നീട്ടിയതായി മന്ത്രി G.R. അനിൽ അറിയിച്ചു. സ്റ്റോക്ക് തിട്ടപ്പെടുത്തുന്നതിനായി റേഷൻ വ്യാപാരികൾക്ക് അനുവദിച്ച അവധി ശനിയാഴ്ചയാണ്. തിങ്കളാഴ്ച മുതൽ ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് മധ്യ, വടക്കൻ ജില്ലകളിൽ ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതി ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കാസർഗോഡ് മുതൽ മലപ്പുറം വരെ അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

തീര മേഖലയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

നീരൊഴുക്ക് കുറഞ്ഞതിനാൽ കക്കയം ഡാമിന്റെ 2 ഷട്ടറുകൾ രാവിലെ ഒന്നേകാൽ അടിയിൽ നിന്നും കാൽ അടിയായി കുറച്ചു. മഴയും നീരൊഴുക്കും കൂടുകയാണെങ്കിൽ ഷട്ടർ ക്രമേണെ ഉയർത്തേണ്ടി വരും. ജനങ്ങൾ പുഴയിൽ ഇറങ്ങരുതെന്നും ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ മഴക്കെടുതികളെ തുടർന്ന് 39 ദുരിതാശ്വാസ ക്യാമ്പുകളിലായി 2230 പേരെ മാറ്റി പാർപ്പിച്ചു. നെല്ലിയാമ്പതി ചുരം റോഡിൽ കല്ലും മണ്ണും വീണ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. ഭാരത പുഴയിൽ ജലവിതാനം ഉയർന്നതിനെ തുടർന്ന്പട്ടാമ്പി പാലത്തിലൂടെ ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തി. മംഗലംഡാം, കാഞ്ഞിരപ്പുഴ ഡാം, പോത്തുണ്ടി ഡാം എന്നിവയിൽ നിന്നും

നിയന്ത്രിത അളവിൽ ജലം തുറന്നു വിടുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ രക്ഷാ പ്രവർത്തനത്തിന് NDRF-ന്റെ 30 പേരടങ്ങുന്ന ഒരു സംഘം ജില്ലയിൽ ക്യാംപ് ചെയ്യുന്നുണ്ട്.

✪✪✪

തൃശൂർ ചിമ്മിനി ഡാമിലെ ജലനിരപ്പ് കുറയ്ക്കാൻ കുറുമാലി പുഴയിലേക്ക് വെള്ളം തുറന്നുവിട്ടു. കുറുമാലി, കരുവന്നൂർ പ്പുഴയുടെ തീരത്ത് താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശമുണ്ട്.

✪✪✪

സംസ്ഥാനത്ത് 49 തദ്ദേശ ഭരണ വാർഡുകളിൽ ഇന്നലെ നടന്ന ഉപതെരഞ്ഞെടുപ്പിൽ LDF-ന് മുന്നേറ്റം. ഫലമറിഞ്ഞ 48 വാർഡുകളിൽ 22 ഇടത്ത് LDF-ഉം 19 ഇടത്ത് UDF-ഉം മൂന്ന് വാർഡുകളിൽ NDA-യും വിജയിച്ചു. നാലിടത്ത് കക്ഷി രഹിതർക്കാണ് വിജയം. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ വെള്ളനാട് വാർഡിൽ LDF സ്ഥാനാർത്ഥി ലീഡ് ചെയ്യുന്നു.

✪✪✪

आकाशवाणी